പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 19

# 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 19

# 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ് ) കേരളം ബിൽ

1356/2026.

# 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ

മൂലധന നിക്ഷേപം ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകളുടെയോ ഏജൻസികളുടെയോ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി 'ഒരു സംസ്ഥാനം - ഒരു അനുമതി - ഒരു രേഖ' എന്ന തത്വത്തിന് അനുസൃതമായി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—മൂലധന നിക്ഷേപം ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകളുടെയോ ഏജൻസികളുടെയോ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി 'ഒരു സംസ്ഥാനം -

ഒരു അനുമതി - ഒരു രേഖ'  എന്ന തത്വത്തിന് അനുസൃതമായി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അധ്യായം - I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്"  എന്നാൽ 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ആക്റ്റ് എന്നർത്ഥമാകുന്നു;

(ബി) "അപേക്ഷകൻ"  എന്നാൽ 14-ാം വകുപ്പ് പ്രകാരം അപേക്ഷ സമർപ്പിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(സി) "അപേക്ഷ"  എന്നാൽ ഒരു നിക്ഷേപ പദ്ധതിക്ക് ആവശ്യമായ, വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ഓരോരോ ക്ലിയറൻസുകൾക്കുമായി, ഓരോ ക്ഷമതയുള്ള അധികാരസ്ഥാനത്തിനും വെവ്വേറെ അപേക്ഷകൾ നൽകുന്നതിന് പകരം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ പോർട്ടൽ വഴിയോ നേരിട്ടോ സരൾ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്ന ഒറ്റ അപേക്ഷ എന്നർത്ഥമാകുന്നു;

(ഡി) "അംഗീകാര കമ്മിറ്റി"  എന്നാൽ, സന്ദർഭം ആവശ്യപ്പെടുന്നതനുസരിച്ച്, സംസ്ഥാനതല അംഗീകാര കമ്മിറ്റി അല്ലെങ്കിൽ ജില്ലാതല അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇ) "അതോറിറ്റി"  എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അതോറിറ്റി എന്നർത്ഥമാകുന്നു;

(എഫ്) "മൂലധന നിക്ഷേപം" എന്നാൽ ഒരു അപേക്ഷകൻ ഒരു പദ്ധതിയുടെ ഭൂമി, കെട്ടിടങ്ങൾ, പ്ലാന്റും യന്ത്രസാമഗ്രികളും, ഉപകരണങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ എന്നിവയിൽ നടത്തിയതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ നിക്ഷേപം എന്നർത്ഥമാകുന്നതും, പ്രവർത്തന മൂലധനം അതിൽ ഉൾപ്പെടാത്തതുമാകുന്നു; ഒരു പദ്ധതി ഘട്ടം ഘട്ടമായോ, ഒരേ അപേക്ഷകന്റെയോ ഗ്രൂപ്പിന്റെയോ ഒന്നിലധികം സ്ഥാപനങ്ങൾ വഴി ഒരേ സ്ഥലത്തോ നടപ്പാക്കുന്നപക്ഷം, അത്തരം എല്ലാ ഘട്ടങ്ങളിലെയും എല്ലാ സ്ഥാപനങ്ങളിലെയും നിക്ഷേപം കൂട്ടിച്ചേർത്ത് കണക്കാക്കേണ്ടതാണ്; മൂല്യം കണക്കാക്കുന്ന രീതി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്;

(ജി) "കേന്ദ്ര നിയമപ്രകാരമുള്ള ക്ലിയറൻസ്" എന്നാൽ ഒരു കേന്ദ്ര ആക്റ്റ് പ്രകാരമോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ആവശ്യമുള്ളതും, ആ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനം നൽകുന്നതുമായ ക്ലിയറൻസ് എന്നർത്ഥമാകുന്നു;

(എച്ച്) "ക്ലിയറൻസ്" എന്നാൽ ഒരു നിക്ഷേപ പദ്ധതി സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി ബന്ധപ്പെട്ട നിയമപ്രകാരം ആവശ്യമുള്ള, ഏത് പേരിൽ അറിയപ്പെടുന്നതായാലും, ഏതെങ്കിലും ലൈസൻസ്, പെർമിറ്റ്, രജിസ്ട്രേഷൻ, സമ്മതപത്രം, അനുമതി, നിരാക്ഷേപ പത്രം അല്ലെങ്കിൽ സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ഐ) "പൊതു പുതുക്കൽ തീയതി" എന്നാൽ ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുള്ളതും, അതിൽ ഉൾപ്പെട്ട എല്ലാ സംസ്ഥാന ക്ലിയറൻസുകളുടെയും കാലാവധി അവസാനിക്കുന്നതുമായ തീയതി എന്നർത്ഥമാകുന്നു;

(ജെ) "പൊതു പുതുക്കൽ കാലയളവ്" എന്നാൽ 18-ാം വകുപ്പ് പ്രകാരം ഒരു സംയോജിത പുതുക്കൽ അപേക്ഷ സമർപ്പിക്കാവുന്ന, പൊതു പുതുക്കൽ തീയതിയ്ക്ക് മുമ്പുള്ള കാലയളവ് എന്നർത്ഥമാകുന്നു;

(കെ) "ക്ഷമതയുള്ള അധികാര സ്ഥാനം" എന്നാൽ ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഒരു അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(എൽ) "പൂർണ്ണമായ അപേക്ഷ" എന്നാൽ നിർദ്ദിഷ്ട വിവരങ്ങളും രേഖകളും അടങ്ങിയ ഒരു അപേക്ഷ എന്നർത്ഥമാകുന്നതും, 14-ാം വകുപ്പിലെ (4)-ാം ഉപവകുപ്പ് പ്രകാരം ഒരു ന്യൂനത അറിയിച്ചിട്ടുള്ളപക്ഷം, ആ ന്യൂനത പരിഹരിച്ച തീയതിയിലെ അപേക്ഷ എന്നർത്ഥമാകുന്നതുമാകുന്നു;

(എം) "സംയോജിത പുതുക്കൽ അപേക്ഷ" എന്നാൽ ഒരു ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൈവശമുള്ളയാൾ, ആ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടതും പൊതു പുതുക്കൽ കാലയളവിനുള്ളിൽ പുതുക്കേണ്ടതായി വരുന്നതുമായ എല്ലാ സംസ്ഥാന ക്ലിയറൻസുകളും പുതുക്കുന്നതിനായി, പൊതു പുതുക്കൽ കാലയളവിനുള്ളിൽ പോർട്ടൽ വഴി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ സമർപ്പിക്കുന്ന ഒറ്റ അപേക്ഷ എന്നർത്ഥമാകുന്നതും, നിക്ഷേപ പദ്ധതിയുടെ വിപുലീകരണം, വൈവിധ്യവത്കരണം അല്ലെങ്കിൽ ആധുനികവത്കരണം എന്നിവ മൂലമുണ്ടാകുന്ന അത്തരം ഏതെങ്കിലും ക്ലിയറൻസിന്റെ ഭേദഗതിക്കായുള്ള അപേക്ഷയും ഉൾപ്പെടുന്നതുമാകുന്നു;

(എൻ) "സംയോജിത പുതുക്കൽ ഉത്തരവ് " എന്നാൽ ഒരു സംയോജിത പുതുക്കൽ അപേക്ഷയിന്മേൽ അംഗീകാര കമ്മിറ്റി പുറപ്പെടുവിക്കുന്നതും, പുതുക്കിയ ഓരോ ക്ലിയറൻസിന്റെയും കാലാവധിയും നിബന്ധനകളും പ്രത്യേകം വ്യക്തമാക്കുന്നതുമായ ഉത്തരവ് എന്നർത്ഥമാകുന്നു;

(ഒ) "നിർണ്ണായക നിക്ഷേപം" എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നിർണ്ണായക പ്രാധാന്യമുള്ളതായി സർക്കാർ, വിജ്ഞാപനം വഴി, പ്രഖ്യാപിക്കുന്ന മേഖലകളിലോ വിഭാഗങ്ങളിലോ ഉള്ള നിക്ഷേപം എന്നർത്ഥമാകുന്നു;

(പി) "ജില്ലാതല അംഗീകാര കമ്മിറ്റി" എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി എന്നർത്ഥമാകുന്നു;

(ക്യൂ) "ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി എന്നർത്ഥമാകുന്നു;

(ആർ) "നിലവിലുള്ള പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ബന്ധപ്പെട്ട നിയമപ്രകാരം ഏതെങ്കിലും ക്ലിയറൻസ് നൽകിയിട്ടുള്ളതും, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ പ്രവർത്തിച്ചുവരുന്നതോ നടപ്പാക്കിവരുന്നതോ ആയ ഒരു നിക്ഷേപ പദ്ധതി എന്നർത്ഥമാകുന്നു;

(എസ്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(റ്റി) "ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ്" എന്നാൽ ഈ ആക്റ്റ് പ്രകാരം അതോറിറ്റി, ഒരു നിക്ഷേപ പദ്ധതിയെ സംബന്ധിച്ച് ഒരു അപേക്ഷകന് നൽകുന്നതും, ആ നിക്ഷേപ പദ്ധതിക്കായി അനുവദിച്ച എല്ലാ ക്ലിയറൻസുകളും പൊതു

പുതുക്കൽ തീയതിയും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് വിവരങ്ങളും സഹിതം ഒരുമിച്ച് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഏകീകൃത സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(യു) "നിക്ഷേപ പദ്ധതി" എന്നാൽ ഉൽപ്പാദനം, സേവനം, വ്യാപാരം, അടിസ്ഥാന സൗകര്യം, അനുബന്ധ മേഖലകൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും സാമ്പത്തിക പ്രവർത്തന മേഖലയിൽ, ഒരു സംരംഭം സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടിയുള്ളതും, ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ളതോ, നിർണ്ണായക നിക്ഷേപങ്ങളുടെ കാര്യത്തിൽ സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന അതിൽ കുറഞ്ഞ പരിധിക്ക് മുകളിലുള്ളതോ ആയ മൂലധന നിക്ഷേപം ഉൾപ്പെടുന്നതുമായ ഒരു പദ്ധതി എന്നർത്ഥമാകുന്നതും, അത്തരം പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ടതോ പ്രവർത്തിച്ചുവരുന്നതോ ആയ സംരംഭവും അതിൽ ഉൾപ്പെടുന്നതുമാകുന്നു; എന്നാൽ സർക്കാർ, വിജ്ഞാപനം വഴി, ഒഴിവാക്കുന്ന വിഭാഗങ്ങളിലുള്ള പദ്ധതികൾ അതിൽ ഉൾപ്പെടുന്നതല്ല;

(വി) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "പോർട്ടൽ" എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനും തീർപ്പാക്കുന്നതിനും, ഉത്തരവുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതിനും, ഫീസ് ഒടുക്കുന്നതിനുമായി സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന പൊതു ഓൺലൈൻ പോർട്ടൽ എന്നർത്ഥമാകുന്നു;

(എക്സ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(വൈ) "ബന്ധപ്പെട്ട നിയമം" എന്നാൽ ഓരോ അപേക്ഷയുമായി ബന്ധപ്പെട്ടതും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ അതത് ആക്റ്റുകളോ ചട്ടങ്ങളോ എന്നർത്ഥമാകുന്നു;

(ഇസഡ്) "പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നാൽ, സന്ദർഭം ആവശ്യപ്പെടുന്നതനുസരിച്ച്, സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി അല്ലെങ്കിൽ ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ് എ) "റിസ്ക് വിഭാഗം" എന്നാൽ സർക്കാർ, വിജ്ഞാപനം വഴി, നിർദ്ദേശിക്കുന്ന പ്രകാരം ഒരു ക്ലിയറൻസിനെ കുറഞ്ഞതോ, ഇടത്തരമോ, ഉയർന്നതോ ആയ റിസ്ക് ഉള്ളതായി തരംതിരിക്കുന്നത് എന്നർത്ഥമാകുന്നു;

(ഇസഡ് ബി) "സരൾ സെക്രട്ടേറിയറ്റ്" എന്നാൽ സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നും, ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം എന്നും അർത്ഥമാകുന്നു;

(ഇസഡ് സി) "പട്ടിക" എന്നാൽ ഈ ആക്ടിന് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഇസഡ് ഡി) "സംസ്ഥാന ക്ലിയറൻസ്" എന്നാൽ ബന്ധപ്പെട്ട സംസ്ഥാന നിയമപ്രകാരം ആവശ്യമുള്ള ഒരു ക്ലിയറൻസ് എന്നർത്ഥമാകുന്നു;

(ഇസഡ് ഇ) "സംസ്ഥാനതല അംഗീകാര കമ്മിറ്റി" എന്നാൽ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ് എഫ്) "സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നാൽ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ് ജി) "സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ട്" എന്നാൽ, സരൾ സെക്രട്ടേറിയറ്റ് അയച്ചുനൽകിയ ഒരു അപേക്ഷയെ സംബന്ധിച്ച്, ആവശ്യമുള്ളിടത്ത് സ്ഥലപരിശോധന ഉൾപ്പെടെയുള്ള സാങ്കേതിക സൂക്ഷ്മപരിശോധനയ്ക്ക് ശേഷം, ഒരു ക്ഷമതയുള്ള അധികാര സ്ഥാനം, 14-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ, പോർട്ടൽ വഴി പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയ്ക്ക് നൽകുന്നതും, കണ്ടെത്തലുകളും നിബന്ധനകളും ക്ലിയറൻസ് അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള ശിപാർശയും അടങ്ങിയതുമായ റിപ്പോർട്ട് എന്നർത്ഥമാകുന്നു.

## അധ്യായം - II

## കമ്മിറ്റിയുടെ രൂപീകരണം, അധികാരം ചുമതലകൾ സംബന്ധിച്ച്

3. സരൾ കേരളം അതോറിറ്റി.—(1) മൂലധന നിക്ഷേപം ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി വിവിധ നിയമങ്ങൾ പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനം നൽകേണ്ടതായ വിവിധ ലൈസൻസുകളോ ക്ലിയറൻസുകളോ പെർമിറ്റുകളോ അനുമതികളോ തുടങ്ങിയവ, ബന്ധപ്പെട്ട വകുപ്പുകളുടെയോ ഏജൻസികളുടെയോ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തി, അപേക്ഷകന്, ഒരു ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ടി സർക്കാരിന്, വിജ്ഞാപനം വഴി, സരൾ കേരളം എന്ന പേരിൽ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) ഇത് സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ദ്വിതല സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് സംവിധാനം ഉൾപ്പെട്ടിട്ടുള്ള ഒരു ചട്ടക്കൂടാണ്.

4. സംസ്ഥാനതല സംവിധാനം.—(1) സംസ്ഥാനതല സംവിധാനത്തിൽ സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയും സംസ്ഥാനതല അംഗീകാര കമ്മിറ്റിയും ഉണ്ടായിരിക്കുന്നതാണ്.

(2) സർക്കാരിന്, മൂലധന നിക്ഷേപം അൻപത് കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി വിവിധ നിയമങ്ങൾക്ക് കീഴിൽ ക്ഷമതയുള്ള അധികാര സ്ഥാനം നൽകേണ്ടതായ വിവിധ ലൈസൻസുകളോ ക്ലിയറൻസുകളോ പെർമിറ്റുകളോ അനുമതികളോ തുടങ്ങിയവ, ബന്ധപ്പെട്ട വകുപ്പുകളുടെയോ ഏജൻസികളുടെയോ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ, അപേക്ഷകന്, ഈ ആക്ടോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിലും രീതിയിലും നൽകുന്നത് ഉറപ്പാക്കുന്നതിന് വേണ്ടി സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയും സംസ്ഥാനതല അംഗീകാര കമ്മിറ്റിയും രൂപീകരിക്കുന്നതാണ്.

5. സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെ ഘടന.—(1) സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, വ്യവസായ വകുപ്പ് - ചെയർപേഴ്സൺ;

(ബി) കോ-ഓർഡിനേഷൻ പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷനിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ് - കോ-ചെയർപേഴ്സൺ;

(സി) ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്;

(ഡി) ഗവൺമെന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്;

(ഇ) ഗവൺമെന്റ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്;

(എഫ്) ഗവൺമെന്റ് സെക്രട്ടറി, കൃഷി വകുപ്പ്;

(ജി) ഗവൺമെന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്;

(എച്ച്) ഏതൊക്കെ വകുപ്പുകളുടെ/ഏജൻസികളുടെ ലൈസൻസ്, ക്ലിയറൻസ്, അനുമതി എന്നിവയാണോ ഉൾപ്പെട്ടിട്ടുള്ളത്, ബന്ധപ്പെട്ട വകുപ്പുകളുടെ/ഏജൻസികളുടെ തലവന്മാർ; കൂടാതെ

(ഐ) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ - കൺവീനർ.

(2) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ചെയർപേഴ്സൺ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതികളിലും, സമയങ്ങളിലും, സ്ഥലങ്ങളിലും സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി യോഗം ചേരേണ്ടതും, നിർണ്ണയിക്കപ്പെടുന്ന പ്രകാരം, അപേക്ഷകളുടെ മൂല്യനിർണ്ണയം നടത്തി ശിപാർശ സഹിതം സംസ്ഥാനതല അംഗീകാര കമ്മിറ്റിയ്ക്ക് കൈമാറേണ്ടതുമാണ്.

(3) സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയുവാൻ പാടുള്ളതല്ല. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ചുള്ള നടപടിക്രമം ചെയർപേഴ്സൺ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി, 14-ാം വകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാര സ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയും മൂല്യനിർണ്ണയവും നടത്തേണ്ടതും, വകുപ്പുകൾക്കിടയിൽ എന്തെങ്കിലും വൈരുദ്ധ്യം ഉണ്ടെങ്കിൽ അത് പരിഹരിച്ച്, ആ റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്ത്, ഓരോ ക്ലിയറൻസിനെയും സംബന്ധിച്ച തങ്ങളുടെ ശിപാർശ സഹിതമുള്ള ഏകോപിത റിപ്പോർട്ട് അന്തിമതീരുമാനത്തിനായി സംസ്ഥാനതല അംഗീകാര കമ്മിറ്റിയ്ക്ക് നൽകേണ്ടതുമാണ്.

6. <u>സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ ഘടന</u>.—(1) അതോറിറ്റിയിൽ നിയമപരമായി നിക്ഷിപ്തമായ കാര്യങ്ങളിൽ അന്തിമതീരുമാനമെടുക്കേണ്ടത് സംസ്ഥാനതല അംഗീകാര കമ്മിറ്റിയായിരിക്കേണ്ടതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി - ചെയർപേഴ്സൺ;

(ബി) ഗവൺമെന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്;

(ഡി) ഗവൺമെന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്;

(ഇ) ഗവൺമെന്റ് സെക്രട്ടറി, നിയമ വകുപ്പ്;

(എഫ്) ഗവൺമെന്റ് സെക്രട്ടറി, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യൂവേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ്;

(ജി) ഗവൺമെന്റ് സെക്രട്ടറി, വിവര സാങ്കേതികവിദ്യാ വകുപ്പ്;

(എച്ച്) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ - കൺവീനർ; കൂടാതെ

(ഐ) കോ-ഓർഡിനേഷൻ പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷനിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ് - ജോയിന്റ് കൺവീനർ.

(2) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, സംസ്ഥാനതല അംഗീകാര കമ്മിറ്റി അതിന്റെ ചെയർപേഴ്സൺ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതികളിലും, സമയങ്ങളിലും, സ്ഥലങ്ങളിലും യോഗം ചേരേണ്ടതും, സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി നൽകിയ ശിപാർശകൾ പരിഗണിച്ച് അപേക്ഷയിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(3) സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയുവാൻ പാടുള്ളതല്ല. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ചുള്ള നടപടിക്രമം ചെയർപേഴ്സൺ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

7. <u>സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും</u>.—(1) ബന്ധപ്പെട്ട നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള നിക്ഷേപ പദ്ധതിക്ക് പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമപ്രകാരമുള്ള ഏതെങ്കിലും ക്ലിയറൻസ് നേടേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ക്ഷമതയുള്ള അധികാരിയുടെ സ്ഥാനത്ത്, അംഗീകാര കമ്മിറ്റിക്ക്,—

(എ) അത്തരം ക്ലിയറൻസ് അനുവദിക്കുന്നതിനോ;

(ബി) അത്തരം ക്ലിയറൻസ് കാരണം രേഖപ്പെടുത്തിക്കൊണ്ട് നിരസിക്കുന്നതിനോ;

(സി) ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുമെന്നുള്ള നിബന്ധനകൾക്ക് വിധേയമായി ക്ലിയറൻസ് അനുവദിക്കുന്നതിനോ; അല്ലെങ്കിൽ

(ഡി) ഈ ആക്റ്റ് പ്രകാരം അനുവദിച്ച ഏതെങ്കിലും ക്ലിയറൻസ് പുതുക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ

അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകാര കമ്മിറ്റി അനുവദിക്കുന്ന ഓരോ ക്ലിയറൻസും അതിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമപ്രകാരം അനുമതി നൽകുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനം അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ പ്രാബല്യത്തീയതി മുതൽ ബന്ധപ്പെട്ട നിയമപ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനം, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമങ്ങളിൻ കീഴിലുള്ള ക്ലിയറൻസുകളുമായി ബന്ധപ്പെട്ട് അംഗീകാര കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിക്കാൻ പാടുള്ളതല്ല.

(4) അംഗീകാര കമ്മിറ്റി അതിന്റെ തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും ക്ലിയറൻസ് നിരസിക്കുകയോ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുകയോ ചെയ്യുന്നപക്ഷം ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതുമാണ്.

8. ജില്ലാതല സംവിധാനം.—(1) ജില്ലാതല സംവിധാനത്തിൽ ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയും ജില്ലാതല അംഗീകാര കമ്മിറ്റിയും ഉണ്ടായിരിക്കുന്നതാണ്.

(2) സർക്കാരിന്, മൂലധന നിക്ഷേപം ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലും അൻപത് കോടി രൂപ വരെയും ആയിട്ടുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വേണ്ടി വിവിധ നിയമങ്ങൾക്ക് കീഴിൽ ക്ഷമതയുള്ള അധികാരസ്ഥാനം നൽകേണ്ടതായ വിവിധ ലൈസൻസുകളോ ക്ലിയറൻസുകളോ പെർമിറ്റുകളോ അനുമതികളോ തുടങ്ങിയവ, ബന്ധപ്പെട്ട വകുപ്പുകളുടെയോ ഏജൻസികളുടെയോ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ, അപേക്ഷകന്, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിലും രീതിയിലും നൽകുന്നത് ഉറപ്പാക്കുന്നതിന് വേണ്ടി ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയും ജില്ലാതല അംഗീകാര കമ്മിറ്റിയും രൂപീകരിക്കുന്നതാണ്:

എന്നാൽ, നിർണ്ണായക നിക്ഷേപങ്ങളുടെ കാര്യത്തിൽ, സർക്കാരിന്, വിജ്ഞാപനം വഴി, ഇരുപത്തിയഞ്ച് കോടി രൂപയെക്കാൾ കുറഞ്ഞ ഒരു പരിധി നിശ്ചയിക്കാവുന്നതാണ്.

9. ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെ ഘടന.—(1) ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ജില്ലാ വികസന കമ്മീഷണർ, അല്ലെങ്കിൽ ജില്ലാ കളക്ടർ നിയോഗിക്കുന്ന സബ് കളക്ടർ - ചെയർപേഴ്സൺ;

(ബി) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - കൺവീനർ;

(സി) ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്;

(ഡി) ഏതൊക്കെ വകുപ്പുകളുടെ/ഏജൻസികളുടെ ലൈസൻസ്, ക്ലിയറൻസ്, അനുമതി എന്നിവയാണോ ഉൾപ്പെട്ടിട്ടുള്ളത്, അവയുടെ ജില്ലാതല ഓഫീസർമാർ; കൂടാതെ

(ഇ) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി.

(2) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ചെയർപേഴ്സൺ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതികളിലും, സമയങ്ങളിലും, സ്ഥലങ്ങളിലും ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി യോഗം ചേരേണ്ടതും നിർണ്ണയിക്കപ്പെടുന്ന പ്രകാരം, അപേക്ഷകളുടെ മൂല്യനിർണ്ണയം നടത്തി ശിപാർശ സഹിതം ജില്ലാതല അംഗീകാര കമ്മിറ്റിയ്ക്ക് കൈമാറേണ്ടതുമാണ്.

(3) ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയുവാൻ പാടുള്ളതല്ല. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ചുള്ള നടപടിക്രമം ചെയർപേഴ്സൺ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി, 14-ാം വകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയും മൂല്യനിർണ്ണയവും നടത്തേണ്ടതും, വകുപ്പുകൾക്കിടയിൽ എന്തെങ്കിലും വൈരുദ്ധ്യം ഉണ്ടെങ്കിൽ അത് പരിഹരിച്ച്, ആ റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്ത്, ഓരോ ക്ലിയറൻസിനെയും സംബന്ധിച്ച തങ്ങളുടെ ശിപാർശ സഹിതമുള്ള ഏകോപിത റിപ്പോർട്ട് അന്തിമതീരുമാനത്തിനായി ജില്ലാതല അംഗീകാര കമ്മിറ്റിക്ക് നൽകേണ്ടതുമാണ്.

10. ജില്ലാതല അംഗീകാര കമ്മിറ്റിയുടെ ഘടന.—(1) ജില്ലാതല അംഗീകാര കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ - ചെയർപേഴ്സൺ;

(ബി) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്;

(സി) എക്സിക്യൂട്ടീവ് എൻജിനീയർ (റോഡുകൾ), പൊതുമരാമത്ത് വകുപ്പ്;

(ഡി) ജില്ലാ പ്ലാനിംഗ് ഓഫീസർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്;

(ഇ) കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പദവിയിൽ കുറയാത്ത ജില്ലാതല ഉദ്യോഗസ്ഥൻ;

(എഫ്) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ പദവിയിൽ കുറയാത്ത ജില്ലാതല ഉദ്യോഗസ്ഥൻ;

(ജി) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - കൺവീനർ.

(2) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ജില്ലാതല അംഗീകാര കമ്മിറ്റി അതിന്റെ ചെയർപേഴ്സൺ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതികളിലും, സമയങ്ങളിലും, സ്ഥലങ്ങളിലും യോഗം ചേരേണ്ടതും, ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി നൽകിയ ശിപാർശകൾ പരിഗണിച്ച് അപേക്ഷയിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(3) ജില്ലാതല അംഗീകാര കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയുവാൻ പാടുള്ളതല്ല. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ചുള്ള നടപടിക്രമം ചെയർപേഴ്സൺ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

11. <u>ജില്ലാതല അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും</u>.—(1) ബന്ധപ്പെട്ട നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള നിക്ഷേപ പദ്ധതിക്ക് പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമപ്രകാരമുള്ള ഏതെങ്കിലും ക്ലിയറൻസ് നേടേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ക്ഷമതയുള്ള അധികാരിയുടെ സ്ഥാനത്ത്, ജില്ലാതല അംഗീകാര കമ്മിറ്റിയ്ക്ക്,—

(എ) അത്തരം ക്ലിയറൻസ് അനുവദിക്കുന്നതിനോ;

(ബി) അത്തരം ക്ലിയറൻസ് കാരണം രേഖപ്പെടുത്തിക്കൊണ്ട് നിരസിക്കുന്നതിനോ;

(സി) ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുമെന്നുള്ള നിബന്ധനകൾക്ക് വിധേയമായി ക്ലിയറൻസ് അനുവദിക്കുന്നതിനോ; അല്ലെങ്കിൽ

(ഡി) ഈ ആക്റ്റ് പ്രകാരം അനുവദിച്ച ഏതെങ്കിലും ക്ലിയറൻസ് പുതുക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ

അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകാര കമ്മിറ്റി അനുവദിക്കുന്ന ഓരോ ക്ലിയറൻസും അതിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമപ്രകാരം അനുമതി നൽകുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനം അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ പ്രാബല്യത്തീയതി മുതൽ ബന്ധപ്പെട്ട നിയമപ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനം, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമങ്ങളിൻ കീഴിലുള്ള ക്ലിയറൻസുകളുമായി ബന്ധപ്പെട്ട് ജില്ലാതല അംഗീകാര കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിക്കാൻ പാടുള്ളതല്ല.

(4) അംഗീകാര കമ്മിറ്റി അതിന്റെ തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും ക്ലിയറൻസ് നിരസിക്കുകയോ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുകയോ ചെയ്യുന്നപക്ഷം ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതുമാണ്.

12. <u>അപേക്ഷയുമായി ബന്ധപ്പെട്ട് സരൾ സെക്രട്ടേറിയറ്റിന്റെയും പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെയും ചുമതലകൾ</u>.—(1) സരൾ സെക്രട്ടേറിയറ്റ്,—

(എ) രജിസ്റ്റർ ചെയ്ത ഓരോ അപേക്ഷയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാര സ്ഥാനങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതും;

(ബി) ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ 14-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഒറ്റത്തവണയായി രേഖപ്പെടുത്തി നൽകേണ്ട ഡിഫക്ട് മെമ്മോ ക്രോഡീകരിച്ച് കൺസോളിഡേറ്റഡ് ഡിഫക്ട് മെമ്മോ ആയി അപേക്ഷകനെ അറിയിക്കേണ്ടതും;

(സി) അപേക്ഷകനിൽ നിന്ന് അപ്രകാരം ലഭിക്കുന്ന ന്യൂനതകൾ പരിഹരിച്ച രേഖകൾ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾക്ക് സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അയച്ചുകൊടുക്കേണ്ടതും;

(ഡി) ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെ സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും; അപ്രകാരം സമയപരിധിക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാകാത്തപക്ഷം ആയത് പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയെ തുടർനടപടികൾക്കായി അറിയിക്കേണ്ടതും; കൂടാതെ

(ഇ) ആയതുമായി ബന്ധപ്പെട്ട മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(2) പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി,—

(എ) ക്ഷമതയുള്ള അധികാര സ്ഥാനങ്ങളുടെ വ്യത്യസ്ത സാങ്കേതിക അഭിപ്രായങ്ങളും നിബന്ധനകളും സമന്വയിപ്പിക്കേണ്ടതും;

(ബി) ഓരോ ക്ലിയറൻസിനെയും സംബന്ധിച്ച തങ്ങളുടെ ശിപാർശ സഹിതം ഏകോപിത റിപ്പോർട്ട് 14-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (iii)-ാം ഇനം പ്രകാരമുള്ള സമയപരിധിക്കുള്ളിൽ അംഗീകാര കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാകുന്നു.

13. <u>ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെ അധികാരങ്ങൾ സംരക്ഷിക്കൽ</u>.—(1) ബന്ധപ്പെട്ട നിയമപ്രകാരം ഒരു ക്ലിയറൻസിന്റെ നിബന്ധനകൾ ലംഘിക്കുന്നതിന്റെ പേരിൽ അത് പരിശോധിക്കുന്നതിനോ നടപ്പാക്കുന്നതിനോ ഒരു ക്ഷമതയുള്ള അധികാര സ്ഥാനത്തിനുള്ള അധികാരത്തെ ഈ ആക്റ്റിലെ ഒരു വ്യവസ്ഥയും ബാധിക്കുന്നതല്ല:

എന്നാൽ, ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഒരു ക്ലിയറൻസ് സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട അംഗീകാര കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരിശോധനകൾ, സർക്കാർ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന കേന്ദ്രീകൃത പരിശോധനാ സംവിധാനം മുഖേന നടത്തേണ്ടതാണ്:

എന്നാൽ, ഒരു ക്ലിയറൻസ് അനുവദിക്കുന്നതിന് മുമ്പ് നടത്തേണ്ടുന്ന പരിശോധനകൾക്ക് ഈ ഉപവകുപ്പ് ബാധകമായിരിക്കുന്നതല്ല.

(3) ഒരു ക്ലിയറൻസിന്റെ നിബന്ധനകൾ ലംഘിക്കപ്പെട്ടതായി ക്ഷമതയുള്ള അധികാരസ്ഥാനം കണ്ടെത്തുന്നപക്ഷം, ആ ക്ലിയറൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യണമെന്ന് കാരണങ്ങൾ സഹിതം, സരൾ സെക്രട്ടേറിയറ്റ് മുഖേന ബന്ധപ്പെട്ട അംഗീകാര കമ്മിറ്റിയ്ക്ക് ശിപാർശ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശ ലഭിച്ചാൽ, അംഗീകാര കമ്മിറ്റി, അപേക്ഷകന് പറയാനുള്ളത് കേൾക്കുന്നതിന് ന്യായമായ അവസരം നൽകിയശേഷം, ശിപാർശയിന്മേൽ തീരുമാനമെടുക്കേണ്ടതും, ആ ക്ലിയറൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നപക്ഷം അതിനുള്ള കാരണം രേഖപ്പെടുത്തി തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ഒരു ക്ലിയറൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്താൽ, സരൾ സെക്രട്ടേറിയറ്റ് അത് ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തേണ്ടതും, ആ വിവരം പോർട്ടൽ വഴി അപേക്ഷകനെയും, സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട മറ്റ് ക്ഷമതയുള്ള അധികാര സ്ഥാനങ്ങളെയും അറിയിക്കേണ്ടതുമാണ്.

(6) ഒരു ക്ലിയറൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തശേഷം, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ശിപാർശയിന്മേലോ അപേക്ഷകന്റെ അപേക്ഷയിന്മേലോ, അംഗീകാര കമ്മിറ്റി ആ നടപടി പിൻവലിക്കുകയോ ക്ലിയറൻസ് പുനഃസ്ഥാപിക്കുകയോ ചെയ്യുന്നപക്ഷം, സരൾ സെക്രട്ടേറിയറ്റ് അക്കാര്യം ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തി, (5)-ാം ഉപവകുപ്പ് പ്രകാരമുള്ള അറിയിപ്പ് നൽകേണ്ടതാണ്.

## അധ്യായം-III

## അപേക്ഷയും സർട്ടിഫിക്കറ്റും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും

14. അപേക്ഷാ നടപടിക്രമങ്ങളും സമയപരിധിയും.—(1) ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന എല്ലാ അപേക്ഷകളും പോർട്ടൽ വഴി ഓൺലൈനായോ സരൾ സെക്രട്ടേറിയറ്റ് വഴി നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

(2) നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പ്രസ്തുത ദിവസം തന്നെ സരൾ സെക്രട്ടേറിയറ്റ് പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ താഴെപ്പറയുന്ന ഘട്ടങ്ങളിലായി പൂർണ്ണമായ അപേക്ഷ ലഭിച്ച തീയതി മുതൽ ആകെ എഴുപത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതാണ്:—

(i) പ്രാഥമിക പരിശോധനയും രജിസ്ട്രേഷനും: അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം, ആയത് രജിസ്റ്റർ ചെയ്ത്, പോർട്ടൽ വഴി ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾക്കും പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിക്കും സരൾ സെക്രട്ടേറിയറ്റ് അയച്ചുകൊടുക്കേണ്ടതാണ്.

(ii) സാങ്കേതിക പരിശോധന: (i)-ാം ഇനം പ്രകാരമുള്ള അപേക്ഷ ലഭിക്കുമ്പോൾ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഡിഫക്ട് മെമ്മോ ഇല്ലാത്തപക്ഷം ക്ഷമതയുള്ള അധികാര സ്ഥാനങ്ങൾ സാങ്കേതിക സൂക്ഷ്മപരിശോധന നടത്തി, സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ട് മുപ്പത് ദിവസത്തിനകം പോർട്ടൽ വഴി പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിക്ക് നൽകേണ്ടതാണ്.

(iii) സമാഹരണം: (ii)-ാം ഇനം പ്രകാരമുള്ള സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ലഭ്യമാകുമ്പോൾ മൂല്യനിർണ്ണയ കമ്മിറ്റി തങ്ങളുടെ ശിപാർശ സഹിതമുള്ള ഏകോപിത റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം, അംഗീകാര കമ്മിറ്റിക്ക് നൽകേണ്ടതാണ്.

(iv) തീരുമാനമെടുക്കൽ: ഏകോപിത റിപ്പോർട്ട് ലഭിച്ച തീയതി മുതൽ ഇരുപത് ദിവസത്തിനകം അംഗീകാര കമ്മിറ്റി തീരുമാനമെടുക്കേണ്ടതാണ്.

(v) സർട്ടിഫിക്കറ്റ് നൽകൽ: അപേക്ഷയിൽ തീരുമാനം എടുക്കുന്ന അതേ ദിവസം തന്നെ, അംഗീകാര കമ്മിറ്റി ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(4) നിർദ്ദിഷ്ട വിവരങ്ങളും രേഖകളുമടങ്ങിയ പൂർണ്ണമായ അപേക്ഷ ലഭിക്കുന്ന തീയതി മുതൽ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള സമയപരിധി കണക്കാക്കുന്നതാണ്. അപേക്ഷകന്റെ ഭാഗത്തുനിന്നുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി എടുക്കുന്ന സമയം (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സമയപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

(5) പരിശോധനാ ഘട്ടത്തിൽ, അപേക്ഷയിൽ എന്തെങ്കിലും വിവരങ്ങളുടെയോ രേഖകളുടെയോ കുറവോ മറ്റ് ന്യൂനതകളോ ഉണ്ടെങ്കിൽ, അപ്രകാരമുള്ള കുറവുകളും ന്യൂനതകളും ഒറ്റത്തവണയായി തന്നെ രേഖപ്പെടുത്തിയ ഡിഫക്ട് മെമ്മോ ബന്ധപ്പെട്ട ക്ഷമതയുള്ള അധികാര സ്ഥാനങ്ങൾ, പോർട്ടൽ വഴി സരൾ സെക്രട്ടേറിയറ്റിന് നൽകേണ്ടതും, ആയത് സരൾ സെക്രട്ടേറിയറ്റ് ഒരു കൺസോളിഡേറ്റഡ് ഡിഫക്ട് മെമ്മോ ആയി അപേക്ഷകനെ അറിയിക്കേണ്ടതും, പൂർണ്ണമായ അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. ഘട്ടംഘട്ടമായി രേഖകൾ ആവശ്യപ്പെടാൻ പാടുള്ളതല്ല.

(6) ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും, 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് (2000-ലെ 21-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഡിജിറ്റൽ ഒപ്പോടു കൂടിയോ ഇലക്ട്രോണിക് ഒപ്പോടു കൂടിയോ, അതത് സംഗതിപോലെ, നൽകേണ്ടതും, 2-ാം വകുപ്പിലെ (റ്റി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളേണ്ടതുമാണ്.

15. കേന്ദ്ര നിയമപ്രകാരമുള്ള ക്ലിയറൻസുകൾ.—(1) ഈ ആക്റ്റിലെ യാതൊരു വ്യവസ്ഥയും കേന്ദ്ര ആക്റ്റ് പ്രകാരമുള്ള ക്ലിയറൻസ് അനുവദിക്കുന്നതിനോ പുതുക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ആ ആക്റ്റ് പ്രകാരമുള്ള അധികാരസ്ഥാനത്തിനുള്ള അധികാരത്തെയോ, ആ ആക്റ്റ് പ്രകാരം അത് തീർപ്പാക്കേണ്ട സമയപരിധിയെയോ, അതിനുള്ള അപേക്ഷ നൽകേണ്ട രീതിയെയോ ബാധിക്കുന്നതല്ല.

(2) ഒരു അപേക്ഷകൻ, നിക്ഷേപ പദ്ധതിക്ക് ആവശ്യമായ കേന്ദ്ര നിയമപ്രകാരമുള്ള ക്ലിയറൻസുകൾ അപേക്ഷയിൽ പ്രഖ്യാപിക്കേണ്ടതും, അവയിൽ ഓരോന്നിനുമുള്ള അപേക്ഷ ബന്ധപ്പെട്ട കേന്ദ്ര ആക്റ്റിൽ പറയുന്ന രീതിയിൽ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ച ഓരോ അപേക്ഷയുടെ തീയതിയും റഫറൻസ് നമ്പറും അപേക്ഷകൻ സരൾ സെക്രട്ടേറിയറ്റിന് നൽകേണ്ടതും, സരൾ സെക്രട്ടേറിയറ്റ് അവ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(4) കേന്ദ്ര നിയമപ്രകാരമുള്ള ക്ലിയറൻസ് അനുവദിക്കപ്പെടുമ്പോൾ, അപേക്ഷകൻ അത് സരൾ സെക്രട്ടേറിയറ്റിന് ഹാജരാക്കേണ്ടതും, സരൾ സെക്രട്ടേറിയറ്റ് പ്രസ്തുത ക്ലിയറൻസിന്റെ നമ്പർ, നൽകിയ തീയതി, കാലാവധി എന്നിവ സഹിതം, അംഗീകാര കമ്മിറ്റിയുടെ മറ്റൊരു തീരുമാനവും കൂടാതെ, ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തേണ്ടതുമാണ്.

16. പദ്ധതി പൂർത്തിയായതിന് ശേഷം അനുവദിക്കേണ്ട ക്ലിയറൻസുകൾ.—പദ്ധതി പൂർത്തിയായതിന് ശേഷം മാത്രം അനുവദിക്കാവുന്ന ഒരു സംസ്ഥാന ക്ലിയറൻസ്, ക്ഷമതയുള്ള അധികാര സ്ഥാനം നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ നടത്തുന്ന പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അംഗീകാര കമ്മിറ്റിയോ അത് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ അനുവദിക്കേണ്ടതും, അത് ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തേണ്ടതുമാണ്.

17. സുരക്ഷാ മാനദണ്ഡങ്ങൾ.—ഈ ആക്റ്റിലെ ഒരു വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യം, തൊഴിലാളിക്ഷേമം, പൊതുസുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി വിവിധ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളിലോ ഗുണനിലവാരത്തിലോ യാതൊരുവിധ ഇളവുകളും വരുത്തുന്നതല്ല.

18. നിക്ഷേപ പദ്ധതികളുടെയും നിലവിലുള്ള പദ്ധതികളുടെയും പുതുക്കലും, പരിഷ്കരിക്കലും, വിപുലീകരണവും സംബന്ധിച്ചുള്ള വ്യവസ്ഥകൾ.—(1) ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉള്ള ഓരോ നിക്ഷേപ പദ്ധതിയ്ക്കും പോർട്ടലിൽ ഒരു ഇലക്ട്രോണിക് പുതുക്കൽ കലണ്ടർ പരിപാലിക്കേണ്ടതും, പൊതു പുതുക്കൽ കാലയളവ് ആരംഭിക്കുന്നതിന് മുൻപ് അപേക്ഷകനെ ഓർമ്മപ്പെടുത്തേണ്ടതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം അനുവദിക്കുന്നതോ പുതുക്കുന്നതോ ആയ ഓരോ സംസ്ഥാന ക്ലിയറൻസിന്റെയും കാലാവധി പൊതു പുതുക്കൽ തീയതിയിൽ അവസാനിക്കുന്നതാണ്. ഏകീകൃത കാലാവധി സർക്കാരിന്, വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്നതാണ്.

(3) സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട എല്ലാ സംസ്ഥാന ക്ലിയറൻസുകളുടെയും പുതുക്കലിനായി, സമർപ്പിക്കുന്ന സംയോജിത പുതുക്കൽ അപേക്ഷ, പൊതു പുതുക്കൽ തീയതിയ്ക്ക് നൂറ്റിയിരുപത് ദിവസം മുൻപ് മുതൽ അറുപത് ദിവസം മുൻപ് വരെയുള്ള കാലയളവിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് സഹിതം, പോർട്ടൽ വഴി സരൾ സെക്രട്ടേറിയറ്റിൽ സമർപ്പിക്കേണ്ടതാണ്.

(4) ഒരു നിലവിലുള്ള പദ്ധതിയുടെ കൈവശമുള്ള ക്ലിയറൻസുകൾ അതിന്റെ ആദ്യത്തെ സംയോജിത പുതുക്കൽ അപേക്ഷയിൽ ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും, അംഗീകാര കമ്മിറ്റി സംയോജിത പുതുക്കൽ ഉത്തരവ് മുഖേന ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുകയും പൊതു പുതുക്കൽ തീയതി നിശ്ചയിക്കുകയും ചെയ്യേണ്ടതുമാണ്.

(5) പോർട്ടലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളോ രേഖകളോ അവയ്ക്ക് മാറ്റം വരികയോ കാലാവധി കഴിയുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട നിയമപ്രകാരം പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യാത്തപക്ഷം വീണ്ടും സമർപ്പിക്കേണ്ടതില്ല.

(6) ഒരു സംയോജിത പുതുക്കൽ അപേക്ഷ റിസ്ക് വിഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന പുതുക്കൽ നടപടിക്രമത്തിന് വിധേയമാക്കേണ്ടതാണ്,—

(i) കുറഞ്ഞ റിസ്ക് ഉള്ളവയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തൽ വഴി പോർട്ടൽ മുഖേനയും;

(ii) ഇടത്തരം റിസ്ക് ഉള്ളവയ്ക്ക് പരിമിതമായ പരിശോധനയും;

(iii) ഉയർന്ന റിസ്ക് ഉള്ളവയ്ക്ക് ക്ഷമതയുള്ള അധികാര സ്ഥാനത്തിന്റെ നേരിട്ടുള്ള പരിശോധനയോ സാങ്കേതിക പരിശോധനയോ, അതത് സംഗതിപോലെ,

അപ്രകാരം പൂർണ്ണമായ അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം അതിന്മേൽ തീരുമാനമെടുക്കേണ്ടതാണ്.

(7) സംയോജിത പുതുക്കൽ ഉത്തരവിൽ പുതുക്കിയ ഓരോ ക്ലിയറൻസിന്റെയും കാലാവധിയും നിബന്ധനകളും പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.

(8) പുതുക്കേണ്ട സമയമാകുന്ന ഒരു കേന്ദ്ര നിയമപ്രകാരമുള്ള ക്ലിയറൻസ്, ബന്ധപ്പെട്ട കേന്ദ്ര ആക്റ്റ് പ്രകാരം അപേക്ഷകൻ നേരിട്ട് പുതുക്കേണ്ടതാണ്. പുതുക്കേണ്ട തീയതി സരൾ സെക്രട്ടേറിയറ്റ് പുതുക്കൽ കലണ്ടർ വഴി അപേക്ഷകനെ അറിയിക്കേണ്ടതും, പുതുക്കിയ ക്ലിയറൻസ് അപേക്ഷകൻ ഹാജരാക്കുമ്പോൾ അത് ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തേണ്ടതുമാണ്.

(9) ഒരു നിക്ഷേപ പദ്ധതിയുടെ വിപുലീകരണമോ വൈവിധ്യവത്കരണമോ ആധുനികവത്കരണമോ സംബന്ധിച്ച ക്ലിയറൻസുകളിൽ വരുത്തേണ്ട ഭേദഗതികൾക്ക് ഈ വകുപ്പ് പ്രകാരമുള്ള നടപടിക്രമം ബാധകമായിരിക്കുന്നതാണ്.

(10) ഒരു ക്ലിയറൻസിന്റെ കാലാവധി ഏകീകൃത കാലാവധിയായി ചുരുക്കുന്ന സാഹചര്യത്തിൽ, അടയ്ക്കേണ്ട ഫീസ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ആനുപാതികമായി ക്രമീകരിക്കുകയോ ഉപയോഗിക്കാത്ത കാലയളവിന് ക്രെഡിറ്റ് നൽകുകയോ ചെയ്യേണ്ടതാണ്.

## അധ്യായം - IV

## അപ്പീൽ വ്യവസ്ഥകൾ

19. <u>അപ്പീൽ</u>.—(1) ജില്ലാതല അംഗീകാര കമ്മിറ്റിയുടെ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരു ആൾക്കും അപ്രകാരമുള്ള തീരുമാനത്തിനെതിരായി അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ സംസ്ഥാനതല അംഗീകാര കമ്മിറ്റി മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലിന് ഇനിപ്പറയുന്ന നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതാണ്, അതായത്:—

(എ) അപ്പീൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള ഫാറത്തിലും ആയിരിക്കേണ്ടതും അപ്പീൽ ചെയ്യപ്പെടുന്ന ഉത്തരവിന്റെ പകർപ്പും നിർണ്ണയിക്കപ്പെടാവുന്ന ഫീസും സഹിതം, പോർട്ടൽ വഴി, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്:

എന്നാൽ, അപ്രകാരമുള്ള സമയത്തിന് മുൻപ് അപ്പീൽ സമർപ്പിക്കാതിരുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടായിരുന്നുവെന്ന് അപ്പലേറ്റ് അതോറിറ്റിക്ക് ബോധ്യമാകുന്നപക്ഷം പ്രസ്തുത കാലതാമസം മാപ്പാക്കി അപ്പീൽ സ്വീകരിക്കാവുന്നതാണ്;

(ബി) അപ്പലേറ്റ് അതോറിറ്റിയ്ക്ക്, കേസിന്റെ രേഖകളോ റിപ്പോർട്ടുകളോ ജില്ലാതല അംഗീകാര കമ്മിറ്റിയിൽ നിന്നോ ബന്ധപ്പെട്ട ക്ഷമതയുള്ള അധികാര സ്ഥാനത്തിൽ നിന്നോ വിളിച്ചുവരുത്താവുന്നതും അപ്പീൽവാദിയ്ക്കും ബന്ധപ്പെട്ട ആളുകൾക്കും പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയ ശേഷം അപ്പീൽ തീർപ്പാക്കാവുന്നതുമാണ്;

(സി) അപ്പലേറ്റ് അതോറിറ്റി അപ്പീൽ ലഭിച്ച തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസത്തിനകം, കാരണം രേഖപ്പെടുത്തിയ രേഖാമൂലമുള്ള ഉത്തരവ് മുഖേന അപ്പീൽ തീർപ്പാക്കേണ്ടതും, അപ്പീൽ ചെയ്യപ്പെട്ട ഉത്തരവ് ശരിവയ്ക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ, അല്ലെങ്കിൽ അത് നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പുതിയ തീരുമാനമെടുക്കുന്നതിന് നിർദ്ദേശങ്ങൾ സഹിതം വിഷയം ജില്ലാതല അംഗീകാര കമ്മിറ്റിയ്ക്ക് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതുമാണ്; കൂടാതെ

(ഡി) അപ്പലേറ്റ് അതോറിറ്റി, അപ്പീൽ ഉത്തരവ്, പോർട്ടൽ വഴി അപ്പീൽവാദിയെ അറിയിക്കേണ്ടതും, അതിന്റെ ഫലമായുള്ള ഏതൊരു മാറ്റവും സരൾ സെക്രട്ടേറിയറ്റ് ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മേൽക്കുറിപ്പായി രേഖപ്പെടുത്തേണ്ടതുമാണ്.

(3) ഈ ആക്റ്റിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്ലിയറൻസുകൾ നിരസിച്ചതിന്മേലോ, സസ്പെൻഡ് ചെയ്തതിന്മേലോ, റദ്ദാക്കിയതിന്മേലോ അവയിലെ വ്യവസ്ഥകൾക്കോ എതിരെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള അപ്പീൽ സംവിധാനങ്ങൾക്ക് പകരം ഈ വകുപ്പ് പ്രകാരമുള്ള അപ്പീൽ സംവിധാനം മാത്രമാണ് ബാധകമാകുന്നത്.

(4) ബന്ധപ്പെട്ട നിയമങ്ങളിൽ എന്തുതന്നെയടങ്ങിയിരുന്നാലും സംസ്ഥാന അംഗീകാര കമ്മിറ്റി ഈ വകുപ്പിൻ കീഴിൽ എടുത്ത തീരുമാനം അന്തിമമായിരിക്കുന്നതാണ്.

## അധ്യായം -V

## ഫീസും അതിന്റെ നിരക്കുകളും

20. ഫീസും അതിന്റെ നിരക്കുകളും സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള അപേക്ഷകൾ സംബന്ധിച്ച് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന ഫീസ് അപേക്ഷകൻ അതോറിറ്റിയിൽ ഒടുക്കേണ്ടതാണ്.

(2) സർക്കാരിന്, കാലാകാലങ്ങളിൽ, വിജ്ഞാപനം വഴി, ഈ ആക്റ്റിൻ കീഴിലുള്ള ഫീസുകളുടെ നിരക്കുകൾ, അടയ്ക്കേണ്ട രീതി, കാലാവധി എന്നിവ നിശ്ചയിക്കുകയോ പുതുക്കുകയോ ചെയ്യാവുന്നതാണ്.

(3) എല്ലാ ഫീസുകളും പോർട്ടൽ വഴി ഓൺലൈനായി നിർണ്ണയിക്കപ്പെടാവുന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

21. ഫീസ് വിഭജനം സംബന്ധിച്ച്.—ബന്ധപ്പെട്ട നിയമത്തിൻ കീഴിലുള്ള വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവയ്ക്ക് വരുമാനം നഷ്ടപ്പെടാത്തവിധം ഫീസ് ഒറ്റ പേയ്മെന്റായി സ്വീകരിച്ച്, ബന്ധപ്പെട്ട നിയമങ്ങളിൻ കീഴിലുള്ള നിരക്കുകൾ പ്രകാരം തുക സ്വയം വിഭജിച്ച് നൽകുന്ന സംവിധാനത്തോടുള്ള ഒരു വെബ് ആപ്ലിക്കേഷൻ സരൾ സെക്രട്ടേറിയറ്റ്, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമായി കൂടിയാലോചിച്ച്, രൂപകൽപ്പന ചെയ്ത് പരിപാലിക്കേണ്ടതാണ്.

## അധ്യായം- VI

## പലവക

22. സരൾ സെക്രട്ടേറിയറ്റ്.—അതോറിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായും വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിലേക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു സരൾ സെക്രട്ടേറിയറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

23. പട്ടികയ്ക്കുള്ള ഭേദഗതി.—ഈ ആക്റ്റിന് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ ഉൾക്കുറിപ്പിൽ ആവശ്യമായ ഭേദഗതി സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന വരുത്താവുന്നതും അപ്രകാരമുള്ള വിജ്ഞാപനം അത് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്:

എന്നാൽ, സംസ്ഥാന നിയമസഭ നിർമ്മിച്ച നിയമം വഴിയല്ലാതെ പട്ടികയിലെ ഉൾക്കുറിപ്പുകളിൽ യാതൊരു കൂട്ടിച്ചേർക്കലും വരുത്തുവാൻ പാടുള്ളതല്ല.

24. ബന്ധപ്പെട്ട നിയമത്തിൻ കീഴിലെ വകുപ്പുതല ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും.—(1)ഓരോ ക്ഷമതയുള്ള അധികാര സ്ഥാനവും ഒരു നോഡൽ ഓഫീസറെ ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി നിയോഗിക്കേണ്ടതും, അദ്ദേഹം ബന്ധപ്പെട്ട അധികാര സ്ഥാനം സാങ്കേതിക സൂക്ഷ്മപരിശോധനാ റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

(2) ഒരു ഉദ്യോഗസ്ഥൻ, ഈ ആക്റ്റിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയത്തിനുള്ളിൽ നിർവ്വഹിക്കേണ്ടതായ ചുമതലയിൽ ന്യായമായ കാരണമില്ലാതെ വീഴ്ച വരുത്തുന്നപക്ഷം ആയത് അതോറിറ്റി സർക്കാരിനെ അറിയിക്കേണ്ടതും, അത്തരം വീഴ്ച കൃത്യവിലോപമായി കണക്കാക്കി അത്തരം ഉദ്യോഗസ്ഥന് എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കേണ്ടതുമാണ്.

25. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.—പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമങ്ങളിൽ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാലും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

26. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ സർക്കാരിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ ക്രിമിനൽ വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

27. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം,

സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് കാണുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം, ഈ വകുപ്പ് പ്രകാരം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

28. <u>സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ</u>.—സർക്കാരിന്, അതത് സമയങ്ങളിൽ, ഈ ആക്റ്റിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യവും യുക്തവുമെന്ന് അത് കരുതുന്ന നിർദ്ദേശങ്ങൾ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി അതോറിറ്റിക്ക് നൽകാവുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാനും നടപടികൾ കൈക്കൊള്ളുവാനും അതോറിറ്റി ബാധ്യസ്ഥമായിരിക്കുന്നതുമാണ്.

29. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ, ആ ചട്ടം ഉണ്ടാക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

അനുബന്ധം

## പട്ടിക

## (7-ാം വകുപ്പും, 11-ാം വകുപ്പും കാണുക)

## ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ

| നം. | ബന്ധപ്പെട്ട നിയമം | ബന്ധപ്പെട്ട വകുപ്പ്/ചട്ടം |
|---|---|---|
| 1 | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) | 232, 233, 233 എ, 236 |
| 2 | 1356/2026. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) | 311, 387, 388, 448, 449 |
| 3 | 1958-ലെ കേരള സിനിമാസ് (റെഗുലേഷൻ) ആക്ട് (1958-ലെ 32) | 3, 4, 6, 11 |
| 4 | 2019-ലെ കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ | ചട്ടങ്ങളിൽ ഈ ആക്റ്റിലെ പദ്ധതികൾക്ക് ബാധകമായി വരുന്ന ക്ലിയറൻസുകൾ സംബന്ധിച്ച വ്യവസ്ഥകൾ. |
| 5 | 2019-ലെ കേരള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ | ചട്ടങ്ങളിൽ ഈ ആക്റ്റിലെ പദ്ധതികൾക്ക് ബാധകമായി വരുന്ന ക്ലിയറൻസുകൾ സംബന്ധിച്ച വ്യവസ്ഥകൾ. |
| 6 | 2025-ലെ കേരള പഞ്ചായത്ത് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ | ചട്ടങ്ങളിൽ ഈ ആക്റ്റിലെ പദ്ധതികൾക്ക് ബാധകമായി വരുന്ന ക്ലിയറൻസുകൾ സംബന്ധിച്ച വ്യവസ്ഥകൾ. |
| 7 | 2026-ലെ കേരള മുനിസിപ്പാലിറ്റി (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ | ചട്ടങ്ങളിൽ ഈ ആക്റ്റിലെ പദ്ധതികൾക്ക് ബാധകമായി വരുന്ന ക്ലിയറൻസുകൾ സംബന്ധിച്ച വ്യവസ്ഥകൾ. |

| | | |
|---|---|---|
| 8 | 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് ( 2008-ലെ 28) | 27 എ |
| 9 | 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ | 5, 12 |
| 10 | 2015-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (അനധികൃത നികത്തൽ ക്രമവൽക്കരിക്കൽ) ചട്ടങ്ങൾ | 3, 5 |
| 11 | 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റ് (2005-ലെ 46) | 6 |
| 12 | 2011-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ചട്ടങ്ങൾ | 3, 4 |
| 13 | 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് (2013-ലെ 18) | 3, 4, 6, 7, 8 |
| 14 | 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ചട്ടങ്ങൾ | 3, 4, 5 |
| 15 | 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് (2002-ലെ 19) | 7, 12 |
| 16 | 2003-ലെ കേരള ജലസേചന ജലസംരക്ഷണ ആക്റ്റ് ( 2003-ലെ 31) | 4 |
| 17 | 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്റ്റ് (1986-ലെ 14) | 38(4), അധ്യായം VII |
| 18 | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2) | 14, 16 |
| 19 | 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് (1960-ലെ 34) | 5 എ |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മൂലധന നിക്ഷേപം ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോ വേണ്ടി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകളുടെയോ ഏജൻസികളുടെയോ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി 'ഒരു സംസ്ഥാനം - ഒരു അനുമതി - ഒരു രേഖ' എന്ന തത്വത്തിന് അനുസൃതമായി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി സമഗ്രമായി ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും നിലവിൽ ഉണ്ടാകുന്നതല്ല. എന്നാൽ നടപ്പാക്കൽ ഘട്ടത്തിലെ ആവശ്യങ്ങൾക്കായി സംസ്ഥാന, ജില്ലാ സരൾ സെക്രട്ടേറിയറ്റുകൾ/നോഡൽ ഓഫീസുകൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഓഫീസ് അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമും വികസിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും ഡിജിറ്റൽ സംവിധാനത്തിന്റെ പരിപാലനത്തിനും പ്രവർത്തന സഹായത്തിനും ശേഷി വികസനത്തിനും പരിശീലനത്തിനും കൂടാതെ മറ്റ് പ്രവർത്തനപരമായ ആവശ്യങ്ങൾക്കും ചെലവുകൾ ഉണ്ടാകാനിടയുണ്ട്.

## എൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 2 -ാം ഖണ്ഡം,—

(i) (സി) ഖണ്ഡം, അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(ii) (എഫ്) ഖണ്ഡം, മൂലധന നിക്ഷേപം സംബന്ധിച്ച് അപേക്ഷകന് മൂല്യം കണക്കാക്കുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(iii) (എം) ഖണ്ഡം, സംയോജിത പുതുക്കൽ അപേക്ഷയുടെ ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(iv) (ഒ) ഖണ്ഡം, നിർണ്ണായക പ്രാധാന്യമുള്ളതായ മേഖലകളിലോ വിഭാഗങ്ങളിലോ ഉള്ള നിക്ഷേപത്തെ നിർണ്ണായക നിക്ഷേപമായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(v) (റ്റി) ഖണ്ഡം, ഒരു ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതായ മറ്റു വിവരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(vi) (യു) ഖണ്ഡം, നിർണ്ണായക നിക്ഷേപങ്ങളുടെ പരിധി വിജ്ഞാപനം വഴി, നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(vii) (ഡബ്ല്യൂ) ഖണ്ഡം, പൊതുഓൺലൈൻ പോർട്ടൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(viii) (എഎ) ഖണ്ഡം, ഒരു ക്ലിയറൻസുമായി ബന്ധപ്പെട്ട റിസ്കുകൾ വിജ്ഞാപനം മുഖേന തരംതിരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സരൾ കേരളം എന്ന പേരിൽ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 5-ാം ഖണ്ഡം ,—

(എ) (2)-ാം ഉപഖണ്ഡം,—

(i) സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി യോഗം ചേരേണ്ട തീയതിയും സമയവും സ്ഥലവും നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാനും;

(ii) പ്രസ്തുത കമ്മിറ്റി അപേക്ഷകളുടെ മൂല്യനിർണ്ണയം നടത്തേണ്ട രീതി നിർണ്ണയിക്കുവാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുവാനും

ഉദ്ദേശിക്കുന്നു.

(ബി) (3)-ാം ഉപഖണ്ഡം, പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമം നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 6-ാം ഖണ്ഡം ,—

(i)(2)-ാം ഉപഖണ്ഡം, സംസ്ഥാനതല അംഗീകാര കമ്മിറ്റി യോഗം ചേരേണ്ട തീയതിയും സമയവും സ്ഥലവും നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(ii) (3)-ാം ഉപഖണ്ഡം, പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമം നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു

6. ബില്ലിലെ 9-ാം ഖണ്ഡം,—

(എ) (2)-ാം ഉപഖണ്ഡം,—

(i) ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി യോഗം ചേരേണ്ട തീയതിയും സമയവും സ്ഥലവും നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാനും;

(ii) പ്രസ്തുത കമ്മിറ്റി അപേക്ഷകളുടെ മൂല്യനിർണ്ണയം നടത്തേണ്ട രീതി നിർണ്ണയിക്കുവാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുവാനും

ഉദ്ദേശിക്കുന്നു.

(ബി) (3)-ാം ഉപഖണ്ഡം, പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമം നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 10-ാം ഖണ്ഡം ,—

(i) (2)-ാം ഉപഖണ്ഡം, ജില്ലാതല അംഗീകാര കമ്മിറ്റി യോഗം ചേരേണ്ട തീയതിയും സമയവും സ്ഥലവും നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ii) (3)-ാം ഉപഖണ്ഡം, പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമം നിശ്ചയിക്കുവാൻ ചെയർപേഴ്സണെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 13-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ക്ലിയറൻസുകളുടെ നിബന്ധനകൾ ലംഘിക്കുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുന്ന കേന്ദ്രീകൃത പരിശോധനാ സംവിധാനം വിജ്ഞാപനം വഴി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 14-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം, ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 16-ാം ഖണ്ഡം, പദ്ധതി പൂർത്തിയായതിനു ശേഷം മാത്രം അനുവദിക്കാവുന്ന ഒരു സംസ്ഥാന ക്ലിയറൻസ് നൽകുന്നതിനായി നടത്തുന്ന പരിശോധനയുടെ സമയപരിധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 18-ാം ഖണ്ഡം,—

(i) (2)-ാം ഉപഖണ്ഡം, പൊതു പുതുക്കൽ തീയതിയുമായി ബന്ധപ്പെട്ട ഏകീകൃത കാലാവധി വിജ്ഞാപനം വഴി നിശ്ചയിക്കുന്നതിനും;

(ii) (3)-ാം ഉപഖണ്ഡം, പൊതു പുതുക്കൽ അപേക്ഷയുടെ ഫീസ് നിർണ്ണയിക്കുന്നതിനും;

(iii) (10)-ാം ഉപഖണ്ഡം, ഒരു ക്ലിയറൻസിന്റെ കാലാവധി ഏകീകൃത കാലാവധിയായി ചുരുക്കുന്ന സാഹചര്യത്തിൽ അടയ്ക്കേണ്ട ഫീസ് നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 19-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം (എ) ഇനത്തിൽ അപ്പീലിന്റെ രീതിയും ഫാറവും ഫീസും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ 20-ാം ഖണ്ഡം,—

(i) (2)-ാം ഉപഖണ്ഡം ഈ ആക്റ്റിൻ കീഴിലുള്ള ഫീസുകളുടെ നിരക്കുകൾ, അടക്കേണ്ട രീതി, കാലാവധി എന്നിവ നിശ്ചയിക്കുകയോ പുതുക്കുകയോ വിജ്ഞാപനം വഴി ചെയ്യുന്നതിനും;

(ii) (3)-ാം ഉപഖണ്ഡം പോർട്ടൽ വഴി ഫീസ് ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് നിർണ്ണയിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 22-ാം ഖണ്ഡം, സരൾ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

15. ബില്ലിലെ 23-ാം ഖണ്ഡം, പട്ടികയ്ക്കുള്ള ഭേദഗതി ഗസറ്റ് വിജ്ഞാപനം മുഖേന വരുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

16. ബില്ലിലെ 27-ാം ഖണ്ഡം വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

17. ബില്ലിലെ 28-ാം ഖണ്ഡം ഈ ആക്റ്റിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യവും യുക്തവുമെന്ന് കരുതുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾ അതോറിറ്റിക്ക് നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

18. ബില്ലിലെ 29-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിന് ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ് . ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ് .

പി.കെ.കുഞ്ഞാലിക്കുട്ടി

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

1-ാം ഖണ്ഡം.—നിർദ്ദിഷ്ട ആക്റ്റിന്റെ ചുരുക്കപ്പേരും പ്രാരംഭവും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില പദങ്ങളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—സരൾ കേരളം അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയും സംസ്ഥാനതല അംഗീകാര കമ്മിറ്റിയും ഉൾപ്പെടുന്ന സംസ്ഥാനതല സംവിധാനത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—സംസ്ഥാനതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെ ഘടനയെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ ഘടനയെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം—സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയും ജില്ലാതല അംഗീകാര കമ്മിറ്റിയും ഉൾപ്പെടുന്ന ജില്ലാതല സംവിധാനത്തെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ജില്ലാതല പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റിയുടെ ഘടനയെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—ജില്ലാതല അംഗീകാര കമ്മിറ്റിയെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ജില്ലാതല അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—അപേക്ഷയുമായി ബന്ധപ്പെട്ട് സരൾ സെക്രട്ടേറിയറ്റിന്റെയും പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റികളുടെയും ചുമതലകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെ അധികാരങ്ങൾ സംരക്ഷിക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—അപേക്ഷാ നടപടിക്രമങ്ങളും സമയപരിധിയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—കേന്ദ്ര നിയമപ്രകാരമുള്ള ക്ലിയറൻസുകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—പദ്ധതി പൂർത്തിയാക്കിയതിന് ശേഷം അനുവദിക്കേണ്ട ക്ലിയറൻസുകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—നിക്ഷേപ പദ്ധതികളുടെയും നിലവിലുള്ള പദ്ധതികളുടെയും പുതുക്കലും പരിഷ്കരിക്കലും വിപുലീകരണവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—അപ്പീലിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ഫീസും അതിന്റെ നിരക്കുകളും ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ഫീസ് വിഭജനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—സരൾ സെക്രട്ടേറിയറ്റിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—പട്ടികയ്ക്കുള്ള ഭേദഗതികളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ബന്ധപ്പെട്ട നിയമങ്ങൾക്ക് കീഴിലുള്ള വകുപ്പ് തല ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—ആക്റ്റിന്റെ അധിപ്രഭാവം സംബന്ധിച്ച വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—വൈഷമ്യങ്ങൾ നീക്കം ചെയ്യുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം—.ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് അധികാരം നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.